(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ട് 30-10-1999 മുതൽ ഈ തസ്തികയിൽ തുടരുന്നു. 2001-ൽ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസറായി അതേ സ്കെയിലിൽ പ്രൊമോട്ട് ചെയ്ത് തൃശ്ശൂർ ജില്ലയിൽ പോസ്റ്റ് ചെയ്തു. ഈ പ്രൊമോഷനാണ് വേണ്ടെന്ന് വച്ചത്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും സ്റ്റോർ സൂപ്രണ്ടിന് പ്രൊമോഷൻ വേണ്ടെന്നു വയ്ക്കുവാനുള്ള അവകാശം ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിലുമാണ് ഗവൺമെന്റ് ഇത് അംഗീകരിച്ചത്.

(ഡി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) സർക്കാർ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(എഫ്) വിജിലൻസ് ആന്റി കറപ്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. ചൂണ്ടിക്കാണിക്കപ്പെട്ട ചില ആരോപണങ്ങൾ താഴെപ്പറയുന്നവയാണ്:

(1) വൈറ്റ് ലോഷൻ സ്റ്റോക്കിൽ രേഖപ്പെടുത്തിയതിലും വിതരണം ചെയ്തതിലുമുള്ള ക്രമക്കേട്.

(2) പ്ലാസ്റ്റർ ഓഫ് പാരീസ് കെമിക്കൽ സ്റ്റോർ വഴിയല്ലാതെ സ്റ്റോർ സൂപ്രണ്ട് നേരിട്ട് ഓർത്തോ ഒ.പി.യിൽ കൊടുത്തു എന്ന ക്രമക്കേട്.

(3) അബ്സോർബെന്റ് ഗോജ് വാങ്ങിയതിലും വിതരണത്തിലുമുള്ള ക്രമക്കേടുകൾ.

(4) പോളിഗ്ലാസെറ്റിൻ വാങ്ങിയതിലും വിതരണം നടത്തിയതിലുമുള്ള ക്രമക്കേടുകൾ.

(5) ഒരേ ബിൽ നമ്പർ ഉള്ള ഇൻവോയ്സ് രണ്ടു പ്രാവശ്യം ക്യാഷ് ചെയ്യാൻ അയച്ചു എന്നുള്ള ആരോപണം.

ഈ ആരോപണങ്ങളെല്ലാം വിശദമായി അന്വേഷണത്തിന് വിധേയമാക്കണമെന്ന് വിജിലൻസ് ആവശ്യപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്റ്റോർസ്/ഫാർമസി വിഭാഗങ്ങളിലെ ഇടപാടുകളെ സംബന്ധിച്ച് സമഗ്രാന്വേഷണത്തിന് ഫിനാൻസ് നോൺ ടെക്നിക്കൽ വിഭാഗത്തിനോട് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാർക്ക് വിശ്രമത്തിനായി അനുവദിച്ച സ്ഥലം സഹകാര്യ ബാങ്കിന് നൽകിയ സംഭവം

133 [5278] ശ്രീ. കെ. കെ. ഷാജു:
" ജോണി നെല്ലൂർ:
" ഉമേഷ് ചള്ളിയിൽ:
" ഷിബു ബേബിജോൺ:
" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാർക്ക് വിശ്രമത്തിനായി അനുവദിച്ച സ്ഥലം സർക്കാർ അനുമതിയില്ലാതെ സ്വകാര്യ ബാങ്കിന് നൽകിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ നിന്നും സർക്കാരിന് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഡോക്ടർമാരുടെ വിശ്രമത്തിനുതന്നെ വീണ്ടും അനുവദിക്കുകയോ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയോ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ബാധകമല്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി മരവിപ്പിച്ച ഭൂമി

134 [5279] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനത്തിനുവേണ്ടി പരിസര പ്രദേശത്തെ 4 വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി അരനൂറ്റാണ്ടുകാലമായി മരവിപ്പിച്ചിരിക്കുന്നത് ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയിൽ നിന്നും എത്ര ഹെക്ടർ ഉടനെ ഏറ്റെടുക്കാൻ ഉദ്ദേശമുണ്ടെന്ന് അറിയിക്കാമോ;

(സി) ആവശ്യം കഴിഞ്ഞുള്ള ഭൂമി ഉടമകൾക്ക് പൂർണ്ണ സ്വാതന്ത്ര്യത്തോടെ വിട്ടു നൽകാൻ നിർദ്ദേശിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വികസനാവശ്യത്തിനുവേണ്ട ഭൂമി അടിയന്തിരമായി ഏറ്റെടുക്കുവാനും ഉടമകൾക്ക് നഷ്ടപരിഹാരം നൽകുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഇ) 1974 സെപ്റ്റംബർ 3-ന് തിരുവനന്തപുരത്ത് എം.സി.എച്ച്. പ്രിൻസിപ്പാൾ ആവശ്യപ്പെട്ടതുപ്രകാരമുള്ള മേഖലാ വികസന പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞോ;

(എഫ്) നിർദ്ദിഷ്ട പദ്ധതികളിൽ പൂർത്തിയാകാതെ അവശേഷിക്കുന്നവ തദവസാന വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമോ;

(ജി) ഇക്കാര്യത്തിൽ സ്ഥലം എം.എൽ.എ.യും മെഡിക്കൽ കോളേജ് ആശുപത്രി ഉപദേശക സമിതിയും നൽകിയ നിവേദനങ്ങളിൽ എന്തുതീരുമാനം സ്വീകരിച്ചു എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly